റിക്രിയേഷൻ ക്ലബ്ബുകൾ സ്ഥാപിക്കുവാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. അവ രജിസ്റ്റർ ചെയ്യുവാൻ നടപടി ധൃതഗതിയിൽ നടക്കുന്നുണ്ട്. ഇതിനോടുകൂടി നെടുങ്ങാട്ടുകാരുടെ അപേക്ഷകൂടി പരിഗണിക്കുന്നതാണ്.

ട്രാവൽബ്യൂറോ.

*109. [59] ശ്രീ. സി. കൊച്ചുകണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റെസ്റ്റ് ഹൗസുകളും ടി. ബി-കളും ട്രാവൽ ബ്യൂറോ എന്ന പ്രൈവറ്റ് കമ്പനിക്കാർക്ക് വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം; കൊടുത്തിട്ടുള്ളത് എന്ന വ്യവസ്ഥയിൽ;

(സി) കമ്പനിയുടെ നടത്തിപ്പ് പൊതുജനങ്ങൾക്ക് അസൗകര്യമാണെന്ന കാണിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി എടുത്തു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ചില റെസ്റ്റ് ഹൗസുകളും ഗവണ്മെൻറ് ഹൗസുകളും വിട്ടുകൊടുത്തിരുന്നു.

(ബി) താഴെ പറയുന്ന കെട്ടിടങ്ങളാണ് ട്രാവൽ ബ്യൂറോയ്ക്ക് വിട്ടുകൊടുത്തിരുന്നത്:—

1. ബോൾഗാട്ടി കൊട്ടാരം.
2. കുറവാലം കൊട്ടാരം.
3. കുറവാലം സ്കോട്ട്സ്മാൻ ഹാൾ.
4. കൊല്ലം അഡീഷണൽ ഗവണ്മെൻറ് ഹൗസ്.
5. വക്കല കൊട്ടാരം.
6. വക്കല റെസ്റ്റ് ഹൗസ്.
7. കേപ്പ് ഹോട്ടൽ.
8. കേപ്പ് റെസ്റ്റ് ഹൗസ്.
9. കോട്ടയം ക്യാമ്പ് ഷെഡ്ഡ്.
10. മൂന്നാർ റെസ്റ്റ് ഹൗസ്.
11. ആലപ്പുഴ "
12. എറണാകുളം "
13. തൃശ്ശൂർ ഗസ്റ്റ് ഹൗസ്.
14. തേക്കടി റെസ്റ്റ് ഹൗസ്.
15. മാസ്കട്ട് ഹോട്ടൽ.

പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നവയാണ് :—

1. കെട്ടിടങ്ങൾ ആദ്യമായി അഞ്ചുവർഷത്തേയ്ക്കുള്ള കരാറിന്മേൽ വാടകയ്ക്ക് കൊടുക്കുന്നതും പിന്നീട് ഇരുകക്ഷികൾക്കും സമ്മതമാണെങ്കിൽ പ്രസ്തുത കരാർ പുതുക്കാവുന്നതുമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. കെട്ടിടങ്ങൾക്ക് ആവശ്യമായ പരിഷ്ക്കാരങ്ങൾ കമ്പനിയുടെ സ്വന്തംചെലവിൽ നടത്തേണ്ടതും കാലാവധി കഴിയുമ്പോൾ ആയതിനുള്ള പ്രതിഫലം ആവശ്യപ്പെടാതെ ഗവണ്മെൻറിന് തിരികെ വിട്ടു കൊടുക്കേണ്ടതുമാകുന്നു.

3. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ കമ്പനിയുടെ ചെലവിൽ നടത്തേണ്ടതാകുന്നു. അപ്രകാരം കെട്ടിടങ്ങൾ വേണ്ടവണ്ണം സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ കമ്പനിക്ക് യഥാകാലം നോട്ടീസ് കൊടുത്തശേഷം പ്രസ്തുത ജോലികൾ ചെയ്തീർക്കുന്നതിനും തൽസംബന്ധമായുണ്ടാകുന്ന ചെലവുകൾ കമ്പനിയിൽനിന്നും ഈടാക്കുന്നതിനും പൊതുമരാമത്തു വകുപ്പ് അധികൃതർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

കൂടാതെ കമ്പനിടി കെട്ടിടങ്ങളിലുള്ള സാധനങ്ങളുടെ നഷ്ടം, കേടുപാടുകൾ മുതലായവയ്ക്ക് ഉത്തരവാദികളായിരിക്കുന്നതുമാണ്.

4. കമ്പനിയിൽനിന്നും ഗവണ്മെൻറിലേയ്ക്ക് വരേണ്ട തുകകൾ റവന്യൂ റിക്കവറി ആക്ട്പ്രകാരം ഈടാക്കാവുന്നതാണ്.

5. ടി കെട്ടിടങ്ങളിൽ ജോലിയിലിരിക്കുന്നവരും ഗവണ്മെൻറ് നിശ്ചയിക്കുന്നവരുമായ ജീവനക്കാരെ കമ്പനി ഏറ്റെടുക്കേണ്ടതും അവർക്ക് നിലവിലിരിക്കുന്ന വേതനം കമ്പനിയിൽനിന്നും കൊടുക്കേണ്ടതുമാകുന്നു.

6. യാതൊരു കാരണവും കാണിക്കാതെയും ഏതൊരു സമയത്തും കെട്ടിടങ്ങൾ കമ്പനിയിൽനിന്നും തിരികെ എടുക്കുവാൻ ഗവണ്മെൻറിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

7. കെട്ടിടങ്ങൾക്ക് ഗവണ്മെൻറിൽനിന്നും നിശ്ചയിച്ചിട്ടുള്ള വാടക കൂടാതെ ഓരോന്നിൽ നിന്നുമുള്ള വരുമാനത്തിൻറെ ഒരു നിശ്ചിത ശതമാനം കമ്പനി, ഗവണ്മെൻറിലേയ്ക്ക് കൊടുക്കേണ്ടതാകുന്നു. മാസ്സ്കട്ട് ഹോട്ടലിനെ സംബന്ധിച്ചിടത്തോളം ഇതു് അഞ്ചു ശതമാനവും, മറ്റു സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം പത്തു ശതമാനവും ആയിരിക്കും.

8. ഈ വ്യവസ്ഥകളെ സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാകുന്നതായാൽ ആർബിട്രേഷൻ ആക്ട്പ്രകാരം മധ്യസ്ഥതയിൽ അവ തീരുമാനിക്കപ്പെടേണ്ടതാണ്.

9. കമ്പനിയുടെ ഭരണസമിതിയിൽ ഗവണ്മെൻറിനെ പ്രതിനിധീകരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ എപ്പോഴും ഉണ്ടായിരിക്കേണ്ടതാകുന്നു.

10. കമ്പനിയുടെ മൂലധനത്തിൽ ഗവണ്മെൻറിൻറെ ഓഹരി നാമമാത്രമായിരിക്കും.

11. ടി കെട്ടിടങ്ങൾ ബ്യൂറോയുടെ ആവശ്യത്തിനുമാത്രമേ ഉപയോഗിക്കാവൂ. അല്ലാതെ, ബ്യൂറോയിൽനിന്നും വീണ്ടും വാടകയ്ക്ക് കൊടുക്കുവാൻ പാടില്ലാത്തതാകുന്നു.

12. കെട്ടിടങ്ങളുടെ കരം, വിദ്യുച്ഛക്തി, ജലവിതരണം ഇവ സംബന്ധിച്ചുള്ള ചെലവുകൾ കമ്പനി വഹിക്കേണ്ടതാകുന്നു.

(സി) ഉണ്ടായിരുന്നു. ഗവണ്മെൻറിൽനിന്നും കമ്പനിക്ക് വിട്ടുകൊടുത്തിരുന്ന എല്ലാ കെട്ടിടങ്ങളും തിരിച്ചെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly